പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം:96 25/04/2017 ൽ മറുപടി നൽ കേണ്ടിയിരുന്നത്

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ചികിത്സാ ധനസഹായം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സണ്ണി ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ചികിത്സാ ധനസഹായമായി നാളിതു വരെ എന്തു തുക അനുവദിച്ചിട്ടുണ്ട്? | (എ) | 105,63,30,899/- (നൂറ്റിഅഞ്ച് കോടി അറുപത്തിമൂന്ന് ലക്ഷത്തി മുപ്പതിനായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റി ഒമ്പത് രൂപ മാത്രം) |
| (ബി) | പ്രസ്തുത തുകയുടെ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | (ബി) | അനുബന്ധം ആയി ചേർത്തിരിക്കുന്നു. |
| (സി) | ചികിത്സാ സഹായം അനുവദിച്ച് മാസങ്ങൾ കഴിഞ്ഞാണ് പ്രസ്തുത തുക അപേക്ഷകർക്ക് ലഭിക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടി ട്ടുണ്ടോ; | (സി) | ധനസഹായത്തിന് അർഹതയുള്ളതും പൂർണ്ണവുമായ അപേക്ഷകൾ പരിശോധിച്ച് കഴിയുന്നത്ര വേഗത്തിൽ തന്നെ ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. ഫണ്ടിന്റെ അപര്യാപ്തത മൂലം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണഭോക്താവിന്റെ പേര് എടുത്ത് പറഞ്ഞുകൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യുന്നതിന് കർശന നിർ ദ്ദേശം നൽകിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായ വിതരണത്തിലെ കാലതാമസം ഒഴിവാക്കാൻ ഇപ്പോൾ ഓൺ ലൈൻ സംവിധാനം കൂടി ഏർ പ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | ചികിത്സയ്ക്ക് പണമില്ലാതെ ബുദ്ധിമുട്ടുന്ന രോഗികൾക്ക് അനുവദിക്കുന്ന തുക എത്രയും വേഗം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ; | (ഡി) | |
| (ഇ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ചികിത്സാ സഹായത്തിന് ലഭിച്ച അപേക്ഷകളിൽ ഉത്തരവായ എത്രയെണ്ണത്തിൽ ഇനി ധനസഹായം നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ? | (ഇ) | കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ചികിത്സാ സഹായത്തിന് ലഭിച്ച അപേക്ഷകളിൽ തിരുവനന്തപുരം ഒഴികെ മറ്റെല്ലാ ജില്ലകളിലും തുക അനുവദിച്ച എല്ലാ അപേക്ഷകൾക്കും സർക്കാരിന്റെ നിബന്ധനകൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായി ധനസഹായം നൽകിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ ധനസഹായം ഉത്തരവായതിൽ 96 കേസുകളിൽ ധനസഹായം വിതരണം ചെയ്യുന്നതിന് |

ബാക്കിയുണ്ട്. ടി 96 കേസുകളിലും ആവശ്യമായ സൂക്ഷ്മപരിശോധന നടത്തി ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്യുന്നതിനും വിതരണം ചെയ്യാനാവാത്ത സാഹചര്യമുണ്ടെങ്കിൽ സർക്കാരിനെ അറിയിക്കുവാനും ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം

| ജില്ല | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| തിരുവനന്തപുരം | 13839 | 16,43,49,158 |
| കൊല്ലം | 13808 | 15,53,44,400 |
| പത്തനംതിട്ട | 3037 | 3,11,85,000 |
| ആലപ്പുഴ | 7347 | 12,67,84,000 |
| കോട്ടയം | 8841 | 7,02,09,730 |
| ഇടുക്കി | 2919 | 3,53,81,000 |
| എറണാകുളം | 5315 | 8,35,39,000 |
| തൃശ്ശൂർ | 6403 | 5,88,44,500 |
| പാലക്കാട് | 7823 | 8,22,88,500 |
| മലപ്പുറം | 5626 | 7,03,00,000 |
| കോഴിക്കോട് | 2238 | 3,62,30,000 |
| വയനാട് | 1844 | 1,30,33,587 |
| കണ്ണൂർ | 2486 | 7,55,97,500 |
| കാസർഗോഡ് | 2578 | 5,32,44,524 |
| **ആകെ** | **84104** | **105,63,30,899** |